ഭരണഭാഷ-മാതൃഭാഷ

നമ്പർ : ED2/43521/16/DTE **സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

തിരുവനന്തപുരം

തീയതി : 08-10-2026

സർക്കുലർ

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) വിഭാഗം - ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം - താത്പര്യപത്രം - ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) ഈ കാര്യാലയത്തിൽ നിന്നുള്ള 02/03/2026, 10/07/2016, 24/07/2026 തീയതിയിലെ DTETVM/2127/2025-EG4 നമ്പർ സീനിയോറിറ്റി പട്ടിക.

2) 30.11.2023 തീയതിയിലെ ജി. ഒ. (പി) നം. 17/2023/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്

നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിൽ നിലവിൽ വന്നിട്ടുള്ള ഒഴിവുകളിലേക്ക് തസ്തികമാറ്റ നിയമനം നേടാൻ ആഗ്രഹിക്കുന്ന സൂചന (1) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട ക്ലാസ് IV വിഭാഗം ജീവനക്കാർ ഈ സർക്കുലർ തീയതി മുതൽ 3 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള മാതൃകയിൽ **edsectiondte@gmail.com** എന്ന ഇ-മെയിൽ മുഖേന സമ്മത പത്രം ലഭ്യമാക്കേണ്ടതാണെന്ന് അറിയിക്കുന്നു.

പ്രൊഫോർമ

ക്രമ നം	സൂചന സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ	ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരന്റെ പേര്, പെൻ നമ്പർ	നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നേടുന്നതിന് സമ്മതമാണോ

നിബന്ധനകൾ

1. സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമന ഉത്തരവ് തീയതിയ്ക്ക് ശേഷം പ്രസ്തുത നിയമനം പരിത്യജിക്കാനുള്ള അവകാശം ടി ജീവനക്കാർക്ക് ഉണ്ടായിരിക്കുന്നതല്ല. ഇക്കാര്യം സ്ഥാപന മേധാവി ടി ജീവനക്കാരെ ബോധ്യപ്പെടുത്തേണ്ടതാണ്.

2. ഏതെങ്കിലും ജില്ലയിലേക്കോ സ്ഥാപനത്തിലേക്കോ നിയമനം ലഭിക്കണമെന്നുള്ള വ്യവസ്ഥയോട് കൂടി സമ്മതപത്രം നൽകുന്ന ജീവനക്കാരുടെ അപേക്ഷ, ടിയാളുടെ സമ്മതപത്രമായി കണക്കാക്കുന്നതും, ഇത്തരത്തിൽ സമ്മതപത്രം നൽകുന്നവർ വകുപ്പിന് കീഴിൽ ഏത് സ്ഥാപനത്തിൽ നിയമനം ലഭിച്ചാലും ജോലിയിൽ പ്രവേശിക്കേണ്ടതായി വരുന്നതുമാണ്. ഈ വിവരം സ്ഥാപന മേധാവി പ്രസ്തുത ജീവനക്കാരെ ബോധ്യപ്പെടുത്തേണ്ടതാണ്.

3. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്നതോ/ ഭാഗികമോ ആയ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

4. സ്ഥാപന മേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ഉള്ളടക്കം :- സൂചന (1) പട്ടിക

Digitally signed by
Sumesh Kumar C
Date: 08-10-2026
14:56:57

SUMESH KUMAR.C
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

1) ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖേന

2) ഇ - ഓഫീസ് കരുതൽ ഫയൽ